## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2836 20.06.2013 ൽ മറുപടിക്ക്

### റേഷൻ കടകളൊഴികെയുള്ള പൊതുവിതരണ കേന്ദ്രങ്ങളിലൂടെ സബ്സിഡി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |

(എ) റേഷൻ കടകളൊഴികെയുള്ള പൊതുവിതരണ കേന്ദ്രങ്ങളിലൂടെ സബ്സിഡി നല്കി ഏതൊക്കെ നിത്യോപയോഗ വസ്തുക്കളാണ് വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളും അവയുടെ വിലയും ഒരു റേഷൻ കാർഡിന് ഒരു മാസം പരമാവധി നൽകുന്ന അളവും താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | 2012 ലെ വില കി. ഗ്രാമിന് | ഒരു റേഷൻ കാർഡിന് ഒരു മാസം നൽകുന്ന അളവ് |
|---|---|---|---|
| 1 | ചെറുപയർ | 49.00 | 1 കി.ഗ്രാം |
| 2 | ഉഴുന്ന് (ബോൾ) | 36.00 | 1 കി.ഗ്രാം |
| 3 | വൻകടല | 44.00 | 1 കി.ഗ്രാം |
| 4 | വൻപയർ | 26.50 | 1 കി.ഗ്രാം |
| 5 | തുവരപ്പരിപ്പ് | 34.00 | 1 കി.ഗ്രാം |
| 6 | മുളക് | 45.00 | 500 ഗ്രാം |
| 7 | മല്ലി | 45.90 | 500 ഗ്രാം |
| 8 | പഞ്ചസാര | 25.00 | 1 കി.ഗ്രാം |
| 9 | ജയ അരി | 21.00 | എല്ലാ ഇനവും കൂടി 20 കി.ഗ്രാം |
| 10 | കുറുവ അരി | 19.00 | |
| 11 | മട്ട അരി | 16.00 | |
| 12 | പച്ചരി സോർട്ടക്സ് | 16.00 | |
| 13 | വെളിച്ചെണ്ണ | 62.00 | 1 ലിറ്റർ |

ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'നന്മ സ്റ്റോർ' പദ്ധതിയിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ (ജയ അരി,

| | | | |
|---|---|---|---|
| | | | കുറുവ അരി, മട്ട അരി, പഞ്ചസാര, പച്ചരി, വെളിച്ചെണ്ണ, മുളക്, ചെറുപയർ, തുവരപ്പരിപ്പ്, മല്ലി ) സബ്സിഡി നിരക്കിൽ വർഷം മുഴുവൻ ലഭ്യമാക്കുന്നുണ്ട്. കേരളത്തിലെ പ്രധാന ഉത്സവകാലങ്ങളിൽ കാലാകാലങ്ങളിലെ സർക്കാർ നിർദ്ദേശപ്രകാരം, കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സഹകരണസംഘങ്ങളുടെ കൂട്ടായ്മയിലൂടെ ഫെഡറേഷന്റെ ത്രിവേണി യൂണിറ്റുകൾ ഉൾപ്പെടെയുള്ള ഉത്സവകാല വിപണന കേന്ദ്രങ്ങളിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ [ജയ അരി, കുറുവ അരി, മട്ട അരി, പഞ്ചസാര, പച്ചരി, വെളിച്ചെണ്ണ, മുളക്, ചെറുപയർ, കടല, വൻപയർ, തുവരപ്പരിപ്പ്, ഉഴുന്ന് (ബോൾ), മല്ലി] സർക്കാർ സബ്സിഡിയോടെ വിൽപ്പന നടത്തിവരുന്നു. |
| (ബി) | ഇവ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (ബി) | എല്ലാ ഉപഭോക്താക്കൾക്കും ഇവ ലഭ്യമാക്കുന്നുണ്ട്. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡ് വഴി നിയന്ത്രിച്ചിട്ടുണ്ട്. |
| (സി) | മൾട്ടി നാഷണൽ കമ്പനികളുടെ ഉല്പന്നം വാങ്ങിയാലേ സബ്സിഡി സാധനങ്ങൾ നല്കുകയുള്ളുവെന്ന് വിതരണകേന്ദ്രങ്ങൾ നിർബന്ധം പിടിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സബ്സിഡി സാധനങ്ങളോടൊപ്പം നോൺ സബ്സിഡി സാധനങ്ങൾ വാങ്ങുവാൻ പ്രേരിപ്പിക്കുന്നതായി ചില ഉപഭോക്താക്കൾ പരാതി നൽകിയിട്ടുണ്ട്. സബ്സിഡി സാധനങ്ങളുടെ കൂടെ നോൺ മാവേലി സാധനങ്ങളും കൂടി വിറ്റ് പോയാലേ മാവേലി സ്റ്റോറുകൾക്ക് നിലനിൽപ്പുള്ളു. ഇതിനായി പൊതുജനങ്ങൾ കൂടി സഹകരിക്കേണ്ടതുണ്ട്. ഒരു വീട്ടിലേയ്ക്കാവശ്യമായ നോൺ സബ്സിഡി സാധനങ്ങൾ സബ്സിഡി സാധനങ്ങളോടൊപ്പം വാങ്ങിക്കുകയാണെങ്കിൽ ഒരു പരിധി വരെ ഇത് സപ്ലൈകോയ്ക്ക് സഹായകരമാകും. ആയതിനു വേണ്ടി സെയിൽസ് പ്രൊമോഷന്റെ ഭാഗമായി സ്നേഹരൂപേണ നോൺ സബ്സിഡി സാധനങ്ങൾ വാങ്ങുവാൻ ഉപഭോക്താക്കളോടു പറയാറുണ്ട്. മാവേലി സ്റ്റോറുകൾ വഴി വിൽക്കുന്ന നോൺ സബ്സിഡി സാധനങ്ങൾക്ക് പൊതു വിപണിയിലുള്ളതിനേക്കാളും വില കുറവാണ്. ഉപഭോക്താക്കളെ ഒരു |

ഉൽപ്പന്നങ്ങളും നിർബന്ധമായി അടിച്ചേൽപ്പിക്കരുത് എന്ന് എല്ലാ ഔട്ട്ലെറ്റ് മാനേജർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൺസ്യൂമർ ഫെഡിനു കീഴിലുള്ള വിതരണ കേന്ദ്രങ്ങളിൽ സബ്സിഡി സാധനങ്ങൾക്കൊപ്പം നോൺസബ്സിഡി സാധനങ്ങൾ കൂടി വിറ്റാൽ മാത്രമേ സ്ഥാപനം സ്ഥിരമായി നിലനിൽക്കൂ എന്നതിനാൽ ടി നോൺ സബ്സിഡി സാധനങ്ങൾ കൂടി വാങ്ങി സഹകരിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ടുള്ള ബോർഡുകൾ പ്രദർശിപ്പിക്കുന്നുണ്ട്.

(ഡി) സബ്സിഡി സാധനങ്ങൾ വിതരണ കേന്ദ്രങ്ങളിൽ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) ചില വിൽപ്പനശാലകളിൽ സബ്സിഡി ഉൽപ്പന്നങ്ങൾ പ്രത്യേകിച്ച് സബ്സിഡി അരി ചില സമയങ്ങളിൽ ലഭ്യമല്ലാതാകുന്ന സ്ഥിതി ഉണ്ടാകാറുണ്ട്. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. എന്നാൽ ചില അവസരങ്ങളിൽ അപ്രതീക്ഷിതവും ക്രമാതീതവുമായി വിൽപ്പന ഉണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചു കൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാകുകയും അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാതാകുകയും ചെയ്യാറുണ്ട്. മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞകൊല്ലം ഈ മാസത്തെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് സ്റ്റോക്ക് എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

10 ഇനം നിത്യോപയോഗസാധനങ്ങൾ സബ്സിഡി നിരക്കിൽ വർഷം മുഴുവൻ വിൽപ്പന നടത്തുന്ന കൺസ്യൂമർഫെഡിന്റെ ' നന്മ ' വിതരണ കേന്ദ്രങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥ ഇപ്പോൾ നിലവിലില്ല.

Beenau

സെക്ഷൻ ഓഫീസർ

6